**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3567** **26-10-2021 - ൽ മറുപടിയ്ക്ക്**

**അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | **Dr. R. Bindu**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | അസാപ് ന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയിരുന്ന സ്കിൽ ഡെവലപ്മെന്റ് എക്സിക്യൂട്ടീവ് പൂൾ ഇപ്പോഴും തുടരുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | അസാപ് പ്രൊജക്ടിൽ നിലവിൽ 2744 സ്കിൽ ഡെവലപ്മെന്റ് എക്സിക്യൂട്ടീവുമാരുണ്ട്. ആവശ്യാനുസരണം ഇവരുടെ സേവനം പ്രയോജനപ്പെടുത്തി വരുന്നു. |
| (ബി) | അസാപ് ന്റെ ഫൗണ്ടേഷൻ മൊഡ്യൂൾ (100 മണിക്കൂർ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് + 80 മണിക്കൂർ ഐ.ടി.) തുടരുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഈ കോഴ്സ് നിർത്തലാക്കിയതെന്ന് വ്യക്തമാക്കാമോ; | (ബി) | അസാപ് പ്രൊജക്റ്റിന്റെ കീഴിൽ മേൽപ്പറഞ്ഞ ഫൗണ്ടേഷൻ മൊഡ്യൂൾ (100 മണിക്കൂർ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് + 80 മണിക്കൂർ ഐ.ടി.) സൗജന്യമായാണ് വിദ്യാർത്ഥികൾക്ക് ലഭ്യമാക്കിയിരുന്നത്. സൗജന്യമായി ഈ കോഴ്സുകൾ നടത്തുവാനുള്ള സാമ്പത്തിക സഹായം എ.ഡി.ബി. മുഖേന ലഭിച്ചിരുന്നു. എന്നാൽ എ.ഡി.ബി. ഫണ്ട് ഇപ്പോൾ ലഭ്യമല്ലാത്തതു കാരണം ഈ കോഴ്സ് ഇപ്പോൾ നിർത്തിവെച്ചിരിക്കുകയാണ്. |
| (സി) | സമൂഹത്തിലെ താഴെത്തട്ടിലുള്ള വിദ്യാർത്ഥികൾക്കായി സ്ഥാപിച്ചിട്ടുള്ള സ്കിൽ ഡെവലപ്മെന്റ് സെന്ററുകളുടെയും കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെയും വിശദാംശം ലഭ്യമാക്കാമോ; | (സി) | സ്കൂൾ, കോളേജുകളിലായി 121 സ്കിൽ ഡെവലപ്മെന്റ് സെന്ററുകളും (17 എണ്ണം സർക്കാർ കോളേജുകളിലും 104 എണ്ണം സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിലും), പൊതുജനങ്ങൾക്ക് നൈപുണ്യ പരിശീലനം നൽകുന്നതിനായി 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളും അസാപ് പ്രൊജക്ടിൽ സ്ഥാപിച്ചിട്ടുണ്ട്. 7 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ Transit Campus-ൽ പ്രവർത്തിച്ചുവരുന്നു. |
| (ഡി) | ഇത്തരം സ്കിൽ ഡെവലപ്മെന്റ് സെന്ററിന്റെയും കമ്മ്യൂണിറ്റി സ്കിൽ പാർക്കിന്റെയും ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ; | (ഡി) | കോവിഡ് സാഹചര്യം കണക്കിലാക്കി ഓൺലൈൻ കോഴ്സുകൾ ഒന്നര വർഷമായി നടപ്പിലാക്കി വരുന്നു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ഇപ്പോൾ ഓഫ് ലൈൻ കോഴ്സുകൾ ചില സ്കിൽ പാർക്കുകളിൽ നൽകുന്നു. |
| (ഇ) | സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ അടച്ചുപൂട്ടാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര സ്കിൽ | (ഇ) | അസാപ് പ്രൊജക്റ്റിന്റെ കീഴിൽ എ.ഡി.ബി.യുടെ സാമ്പത്തിക സഹായത്തോടെ 121 സ്കിൽ |

| | | | |
|---|---|---|---|
| | ഡെവലപ്മെന്റ് സെന്ററുകളാണ് അടച്ചുപൂട്ടാൻ തീരുമാനിച്ചിട്ടുള്ളതെന്നും ആയതിനുള്ള കാരണവും വ്യക്തമാക്കാമോ; | | ഡെവലപ്മെന്റ് സെന്ററുകൾ മുഖേന വിദ്യാർത്ഥികൾക്ക് സൗജന്യമായി കോഴ്സുകൾ നടത്തിയിരുന്നു. ഇവയൊന്നും അടച്ചിട്ടില്ല. എന്നാൽ എ.ഡി.ബി. ഫണ്ട് ഇപ്പോൾ ലഭ്യമല്ലാത്തതുകാരണം ഇവ പ്രവർത്തിപ്പിക്കുന്നതു ഭാവിയിൽ ബുദ്ധിമുട്ടാണ്. ആയതിനാൽ അമ്പത്തിരണ്ട് കോടിയോളം രൂപയുടെ (Rs.52,59,39975) ഒരു പ്രൊപ്പോസൽ സമഗ്ര ശിക്ഷ കേരളയിലേയ്ക്കും (SSK) പ്രസ്തുത പ്രൊപ്പോസലിന്റെ പ്ലാൻ ഫണ്ടിങ്ങിനായി നാലു കോടി തൊണ്ണൂറ് ലക്ഷം രൂപയുടെ (4,90,000,00/-) സഹായത്തിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും അസാപ് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |
| (എഫ്) | ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിൽ അദ്ധ്യാപകനായ അനുജ് സോമരാജനെ കരിക്കുലം മേധാവിയായി നിയമിച്ചത് ചട്ടവിരുദ്ധമായിട്ടാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എഫ്) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഡോ.അനുജ് സോമരാജിനെ കരിക്കുലം വിഭാഗം മേധാവിയായി അന്യത്രസേവനവ്യവസ്ഥയിൽ നിയമിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ജി) | അസാപ്, ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിൽ നടത്തിയ (CET പ്രോഗ്രാം 2017) പദ്ധതിയിൽ ഗുണനിലവാരം ഇല്ലെന്നും കൃത്യവിലോപം നടത്തിയെന്നുമുള്ള പരാതിയിൽ പിഴയീടാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ജി) | ക്രിസ്ത്യൻ കോളേജിൽ CET പ്രോഗ്രാം 2017-ൽ രണ്ട് ബാച്ചുകളായാണ് നടത്തപ്പെട്ടത്. എം.ജി./ കേരള സർവ്വകലാശാല പരീക്ഷകൾ നീണ്ടു പോയതിനാൽ മറ്റു കോളേജുകളെപ്പോലെ ഇവിടെയും CET ക്ലാസുകൾ പുനർക്രമീകരിക്കേണ്ടി വന്നു. മറ്റു അദ്ധ്യാപകരെ ഉൾപ്പെടുത്താതെ രണ്ട് ട്രെയിനർമാർ പ്രധാനമായും ക്ലാസ് എടുക്കുന്നതിനാലും കോളേജിലെ താമസ, ഭക്ഷണ സൗകര്യങ്ങൾ കുറവായതിനാലും അദ്ധ്യാപകരും വിദ്യാർത്ഥികളും പരാതി നൽകി. ഉടൻതന്നെ അതിന്മേൽ കോളേജിന്റെ വിശദീകരണം വാങ്ങുകയും അവർക്കർഹതപ്പെട്ട പ്രതിഫലത്തിൽ നിന്നും പത്തു ശതമാനം പിഴയീടാക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ